# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2774 07.12.2018 ലെ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ദുരിതാശ്വാസ നിധി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. ഡി.കെ. മുരളി<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കെ.ഡി. പ്രസേനൻ | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; | എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്കമാറ്റി വയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങൾക്കും മറ്റ് ഗുരുതരമായ രോഗങ്ങൾക്കും ഉള്ള ചികിത്സാ സഹായം, ഏകവരുമാനദായകന്റെ മരണത്തെ തുടർന്ന് കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായം,പ്രകൃതി ക്ഷോഭം, തീപിടുത്തം എന്നിവ മൂലം നാശനഷ്ടം ഉണ്ടാകുന്നവർക്കുള്ള ധനസഹായം എന്നിവയാണ് നൽകി വരുന്നത്. |
| ബി) | പ്രസ്തുത ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അപേക്ഷിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | ബി) | പട്ടികജാതി വികസന വകുപ്പിൽ ചികിത്സാ ധനസഹായം നിലവിൽ ടി-ഗ്രാന്റ്സ് എന്ന പേരിലുള്ള ഓൺലൈൻ സംവിധാനം മുഖേനയാണ് അനുവദിക്കുന്നത്, അപേക്ഷകർ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രം വഴി അപേക്ഷിച്ചാൽ ജില്ലാ |

| | | | |
|---|---|---|---|
| | | | പട്ടികജാതി വികസന ഓഫീസർ ഡെപ്യൂട്ടി ഡയറക്ടർ, വകുപ്പ് മന്ത്രി ഓഫീസ് എന്നിവ മുഖേന ഓൺലൈനായി പരിശോധിച്ച് തുക പാസ്സാക്കി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ മുഖേന ട്രഷറി ബിൽ മാറി ധനസഹായം അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നതാണ്. എം.എൽ.എ, എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാക്ഷ്യപത്രം മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ നേരിട്ട് ബഹു.മന്ത്രിയുടെ ഇൻബോക്സിൽ എത്തുകയും മേൽ നടപടികൾ അതിവേഗം സ്വീകരിക്കുന്നതിന് സംവിധാനവുമുണ്ട്. ഏകവരുമാനദായകന്റെ മരണത്തെ തുടർന്ന് കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ധനസഹായം അനുവദിയ്ക്കുന്നതിലേയ്ക്ക് അപേക്ഷകന്റെ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏക വരുമാനദായകനായിരുന്നു എന്നുള്ള ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, എഫ്.ഐ.ആർ (അപകട മരണമാണെങ്കിൽ) ന്റെ പകർപ്പ് തുടങ്ങിയ രേഖകൾ സഹിതം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ അപേക്ഷിക്കാവുന്നതാണ്. കൂടാതെ പ്രകൃതി ക്ഷോഭം മൂലം വീട് തകർന്നവർക്ക് വീടിന്റെ പുന:നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകി വരുന്നു. ആയതിലേയ്ക്ക് അപേക്ഷകന്റെ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പ്രകൃതി ക്ഷോഭം |

| | | | |
|---|---|---|---|
| | | | മൂലം വീടിന് നാശനഷ്ടം സംഭവിച്ചിട്ടുണ്ട് എന്നുള്ള റവന്യൂ അധികൃതരുടെ സർട്ടിഫിക്കറ്റ് എന്നിവ അടക്കം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ അപേക്ഷിക്കാവുന്നതാണ്.<br>പട്ടികവർഗ്ഗ വികസന വകുപ്പിൽ അപേക്ഷയോടൊപ്പം അപേക്ഷകന്റെ/ അപേക്ഷകയുടെ ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ ആധാർ കാർഡ്, പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവ.മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. പട്ടികവർഗ്ഗ പ്രൊമോർട്ടർമാർ,ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ,പി.ഒ/ടി.ഡി.ഒ-മാർ,ജനപ്രതി നിധികൾ എന്നിവർ മുഖേനയോ ബഹു.വകുപ്പ് മന്ത്രിയ്ക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| സി) | പ്രസ്തുത ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ എത്രയാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വരുമാന പരിധി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | സി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി 50,000/-രൂപയിൽ നിന്നും 1,00,000/-രൂപയായി ഉയർത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**